എ.വൈ.ആർ

കവികളുടെ ആരാധകരെയും മുഹമ്മദിന്റെ(സ) അനുയായികളെയും താരതമ്യം ചെയ്തു നോക്കുക. ദുഷ്ടകവികളുടെ പിന്നാലെ നടക്കുന്ന, മൂല്യബോധവും ധാർമിക പ്രതിബദ്ധതയുമില്ലാത്ത സദാചാരവിരുദ്ധരായ തെമ്മാടികളും ആഭാസന്മാരുമാണോ പ്രവാചകനെ പിന്തുടരുന്നത്? സത്യാന്വേഷണ താൽപര്യവും ധർമബോധവും ഉള്ള, ജീവിത സംസ്കരണം ആഗ്രഹിക്കുന്ന ആളുകളാണ് അദ്ദേഹത്തിന്റെ അനുയായികളെല്ലാം.



وَالشُّعَرَاءُ يَتَّبِعُهُمُ الْغَاوُونَ ﴿٢٢٤﴾

أَلَمْ تَرَ أَنَّهُمْ فِي كُلِّ وَادٍ يَهِيمُونَ ﴿٢٢٥﴾

وَأَنَّهُمْ يَقُولُونَ مَا لَا يَفْعَلُونَ ﴿٢٢٦﴾

224. ഇനി കവികളുടെ കാര്യമോ, അവരെ പിൻപറ്റുന്നത് വഴിപിഴച്ചവരാകുന്നു.

225. നീ കാണുന്നില്ലയോ അവർ ദേശങ്ങളിലൊക്കെയും അലഞ്ഞു തിരിയുന്നത്

226. തങ്ങൾ പ്രവർത്തിക്കാത്തത് പാടിപ്പരത്തുന്നതും.

**224–226**

وَالشُّعَرَاءُ = (ഇനി) കവികൾ(ളുടെ കാര്യമോ) يَتَّبِعُهُمُ = അവരെ പിൻപറ്റുന്നു(ന്നത്)
الْغَاوُونَ = (വഴിപിഴച്ചവർ (ആകുന്നു) أَلَمْ تَرَ = നീ കണ്ടി(കാണുന്നി)ല്ലയോ
أَنَّهُمْ فِي كُلِّ وَادٍ يَهِيمُونَ = ദേശത്ത്(ങ്ങളിൽ)ഒക്കെയും അവർ അലഞ്ഞുതിരിയുന്നത്
وَأَنَّهُمْ يَقُولُونَ = (അവർ പറയുന്നതും(പാടിപ്പരത്തുന്നതും) مَا لَا يَفْعَلُونَ = അവർ പ്രവർത്തിക്കാത്തത്

ഇനി ദിവ്യവെളിപാടുകൾ എന്ന പേരിൽ മുഹമ്മദ് ഓതിക്കേൾപ്പിക്കുന്നത് അദ്ദേഹം രചിക്കുന്ന കവിതകളാണ് എന്ന ആക്ഷേപത്തിന്റെ അർഥശൂന്യത വ്യക്തമാക്കുകയാണ്. അക്കാലത്തെ കവിതകളെയും കവികളെയും അവരുടെ ആരാധകരെയും ഖുർആനിനെയും അതവതരിപ്പിക്കുന്ന പ്രവാചകനെയും അദ്ദേഹത്തിന്റെ അനുയായികളെയും തമ്മിൽ ഒന്നു താരതമ്യം ചെയ്താൽതന്നെ അക്കാര്യം പകൽവെളിച്ചംപോലെ വ്യക്തമാകുന്നു. ഇവിടെ പരാമർശിക്കുന്നത് കവിതയെയും കവികളെയും കുറിച്ചുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടല്ല; പ്രത്യുത ജാഹിലീ അറബികളിലുണ്ടായിരുന്ന കവിതകളെയും കവികളെയും അവരുടെ ആരാധകരെയുമാണെന്ന കാര്യം ഓർക്കേണ്ടതാണ്.

ജാഹിലിയ്യാ സമൂഹത്തിൽ കവികൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. സമൂഹത്തിന്റെ മുഖ്യ പ്രചാരണ മാധ്യമമായിരുന്നു അവർ. കവിതകളിലൂടെയായിരുന്നു വാർത്തകൾ പ്രചരിപ്പിക്കപ്പെട്ടിരുന്നതും സൂക്ഷിക്കപ്പെട്ടിരുന്നതും. കവികൾ വിചാരിച്ചാൽ ഒരു മോശം ഗോത്രത്തെ വാനോളം ഉയർത്തി പ്രസിദ്ധരാക്കാനും മെച്ചപ്പെട്ട ഗോത്രത്തെ അപമാനിച്ച് പാതാളത്തോളം ഇകഴ്ത്താനും കഴിയുമായിരുന്നു. ഓരോരോ ഗോത്രങ്ങളിൽ ചെന്ന് അവരുടെ സ്തുതിപാടി പാരിതോഷികമെന്ന പേരിൽ കവികൾ കൈനിറയെ പ്രതിഫലം പറ്റിപ്പോന്നു. പ്രതിഫലം പ്രതീക്ഷിച്ചത്ര കിട്ടിയില്ലെങ്കിൽ അവരെ ആക്ഷേപിച്ചു പാടാനും ഒരു മടിയുമുണ്ടായിരുന്നില്ല. പൊതുസമൂഹത്തിൽ തങ്ങളെക്കുറിച്ച് മതിപ്പും പ്രസിദ്ധിയും വളർത്താനും ശത്രുഗോത്രങ്ങളെ ഇടിച്ചുതാഴ്ത്തിക്കാണിക്കാനും അറേബ്യൻ ഗോത്രങ്ങൾ ആശ്രയിച്ചിരുന്നത് കവികളെയാണ്. ഇതേക്കുറിച്ച് അറബിസാഹിത്യ ചരിത്രത്തിൽ കൗതുകകരമായ ഒരു കഥ ഇങ്ങനെ: അൻഫുന്നാഖഃ (انف النّاقة) എന്ന പേ

രിൽ ഒരു ഗോത്രമുണ്ടായിരുന്നു. ഒട്ടകമൂക്കൻ എന്നാണ് ആ വാക്കിനർഥം. ഈ പേരുമൂലം അവർ മറ്റു ഗോത്രങ്ങളുടെ പരിഹാസത്തിനും ഇകഴ്ത്തലിനും ഇരയായിരുന്നു. അൻഫുന്നാഖക്കാർ തങ്ങളുടെ ഗോത്രത്തിന്റെ നാണക്കേട് മാറ്റിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹുത്വൈഅ എന്ന് പേരുള്ള ഒരു കവിയെ സമീപിച്ച് വലിയ സമ്മാനം വാഗ്ദാനം ചെയ്തു. കവി അതേറ്റെടുത്തുകൊണ്ട് ഉടനെ പാടി:

قوم هم الأنف والأذناب غيرهم، ومن يسوّي بأنف النّاقة الذّنبا

'ഒരു മഹാ സമുദായം! അവരാണ് മൂക്ക്. മറ്റു സമുദായങ്ങളൊക്കെയും വാലുകൾ മാത്രം. ഒട്ടകത്തിന്റെ വാലിനെ മൂക്കിനു തുല്യമായി കാണുന്നവരാര്?!' ഗോത്രങ്ങൾക്കിടയിൽ കിടമത്സരവും പകയും പ്രതികാരവാഞ്ഛയും ആക്രമണോത്സുകതയും വളർത്തുന്നതിലും കവികൾ വലിയ പങ്കുവഹിച്ചു. രണ്ടു ഗോത്രങ്ങൾ തമ്മിൽ വല്ല നീരസവുമുണ്ടായാൽ അതിൽ തങ്ങൾക്കിഷ്ടമല്ലാത്ത ഗോത്രത്തിനെതിരെ മറ്റേ ഗോത്രത്തിന്റെ ചോര തിളക്കുന്ന കവിതകൾ പാടിപ്പരത്തി ഇരുവരെയും യുദ്ധത്തിലെത്തിക്കുകയായിരുന്നു. ബകർ ഗോത്രവും തഗ്‌ലബ് ഗോത്രവും തമ്മിൽ നടന്ന, അരനൂറ്റാണ്ടു നീണ്ട യുദ്ധത്തിന് തിരികൊളുത്തുന്നതിൽ മുഖ്യ പങ്കുവഹിച്ചത് പ്രശസ്ത കവി മുഹൽഹലിന്റെ കവിതകളാണ്.

യുദ്ധവർണനകൾ, വീരഗാഥകൾ, മദ്യം, മദിരാക്ഷി, ശ്ലീലതയുടെ എല്ലാ അതിരുകളും ഭേദിക്കുന്ന രതിവർണന- ഇതൊക്കെയായിരുന്നു ജാഹിലീ കവികളുടെ മുഖ്യ കാവ്യവിഷയങ്ങൾ. ജീവിതതത്ത്വങ്ങൾ, ആത്മീയ ദർശനങ്ങൾ, ദൈവിക കീർത്തനങ്ങൾ, ധാർമിക-സദാചാര മൂല്യങ്ങൾ, സാംസ്കാരികാശയങ്ങൾ തുടങ്ങിയവ വളരെ അപൂർവമായേ ജാഹിലീ കവിതകളുടെ പ്രമേയമാകുന്നുള്ളൂ. അത്തരം വിഷയങ്ങളെക്കുറിച്ച് പാടുന്നതുതന്നെ അധികവും സ്വന്തം മഹത്വത്തിൽ ഊറ്റം കൊള്ളാനാണ്. സപ്ത മഹാകാവ്യം(സബഉൽ മുഅല്ലഖഃ) എന്ന പേരിൽ കഅ്ബയിൽ തൂക്കിയിട്ടിരുന്ന കവിതകൾ വായിച്ചു നോക്കിയാൽ ഇക്കാര്യം വ്യക്തമാകും. ജാഹിലീകവികളിൽ അതുല്യ പ്രതിഭയായി വാഴ്ത്തപ്പെട്ട കവിയാണ് ഇംറുഉൽ ഖൈസ്(امرأ القيس). അറബികൾ അദ്ദേഹത്തെ മഹാ കവിയായി കൊണ്ടാടുമ്പോൾ തന്നെ ദുർനടപ്പിന്റെ രാജാവ് -الملك الضّليل- എന്നു വിശേഷിപ്പിക്കുകയും ചെയ്തിരുന്നു. അത്രക്കു വഷളായിരുന്നുവത്രെ അദ്ദേഹത്തിന്റെ വ്യക്തിജീവിതം. അധാർമികരും സദാചാരവിരുദ്ധരും അരാജകവാദികളും ആഭാസങ്ങളിലും അസഭ്യങ്ങളിലും അഭിരമിക്കുന്നവരുമായിരുന്നു ഇത്തരം കവികളുടെ ആരാധകരിൽ മഹാഭൂരിപക്ഷവും. അതാണ് ഖുർആൻ ഇവിടെ يَتَّبِعُهُمُ الْغَاوُونَ എന്ന വാക്കുകൊണ്ടു സൂചിപ്പിക്കുന്നത്.

ഈ കവികൾക്ക് ഒരു ജീവിതലക്ഷ്യവുമുണ്ടായിരുന്നില്ല. ജനങ്ങൾക്കോ അവർക്കോ നന്മയാകുന്നതൊന്നും ചെയ്തിരുന്നുമില്ല. അവരങ്ങനെ പാട്ടുപാടി ഗോത്രങ്ങൾ തോറും അലഞ്ഞുനടക്കും. ഭാവനയിൽ വിരിയുന്നതെന്തും കവിതയായി അവതരിപ്പിക്കും. അത് പൈശാചികമാണോ സാത്വികമാണോ ആത്മീയമാണോ ഭൗതികമാണോ, അത് പ്രചോദിപ്പിക്കുന്നത് നന്മയെയാണോ തിന്മയെയാണോ എന്നൊന്നും നോട്ടമുണ്ടായിരുന്നില്ല. അറേബ്യയിലെ ഉത്സവച്ചന്തകൾക്കൊപ്പം കവിയരങ്ങുകളും നടക്കുമായിരുന്നു. ദിൽമജാസ്, ദിൽമിജന്നഃ, സൂഖു ഉക്കാള് തുടങ്ങിയവ അവയിൽ ഏറെ പ്രസിദ്ധമാണ്. ഈ അരങ്ങുകളിലവതരിപ്പിക്കുന്നതിലൂടെയാണ് കവിതകൾ ജനകീയമായിരുന്നതും കവികൾ പ്രസിദ്ധരായിരുന്നതും. കവികൾ എല്ലാ താഴ്‌വരകളിലും അലഞ്ഞുനടക്കുന്നു എന്ന വാക്കിന് അക്ഷരാർഥവും ആലങ്കാരികാർഥവുമുണ്ട്. മലകൾക്കിടയിലെ സമതലപ്രദേശമാണ് وادي. വിവിധ ദേശങ്ങളിൽ എന്നാണിവിടെ ഉദ്ദേശ്യം. വഴിയറിയാതെയും ലക്ഷ്യമില്ലാതെയും അലഞ്ഞു നടക്കുന്നതിനാണ് يهيم എന്നു പറയുക. പ്രത്യേക ലക്ഷ്യമോ ഉദ്ദേശ്യമോ ദിശാബോധമോ ഇല്ലാതെ കവികൾ ഗോത്രങ്ങളിലും ചന്തകളിലും അലഞ്ഞു നടക്കുന്നതിനെയാണ് അക്ഷരാർഥം സൂചിപ്പിക്കുന്നത്. ഒരാദർശത്തോടും പ്രതിബദ്ധതയില്ലാതെ, ആരോടും കൂറില്ലാതെ തോന്നുന്നതിനെക്കുറിച്ചൊക്കെ തോന്നും പടി പാടിനടക്കുക എന്നതിന്റെ രൂപകമാണ് ആലങ്കാരികാർഥത്തിൽ فِي كُلِّ وَادٍ يَهِيمُونَ . ഇന്നലെ മഹത്വപ്പെടുത്തിയതിനെ ഇന്ന് നിന്ദിക്കാനും ഇന്നലെ ആരാധിച്ചവരെ ഇന്ന് അപമാനിക്കാനും കവികൾക്ക് ഒരു സങ്കോചവുമുണ്ടായിരുന്നില്ല.

വാക്കും പ്രവൃത്തിയും തമ്മിലുള്ള വൈരുധ്യമായിരുന്നു ജാഹിലീ കവികളുടെ മറ്റൊരു പൊതുസ്വഭാവം. അറുപിശുക്കന്മാരായ കവികളും ആതിഥ്യമര്യാദയെയും ഔദാര്യത്തെയും ദാനശീലത്തെയും വാനോളം പാടിപ്പുകഴ്ത്തും. അനുവാചകരെ ആവേശഭരിതരാക്കുകയും തങ്ങളെ മഹാപരാക്രമശാലികളായി അവതരിപ്പിക്കുകയും ചെയ്യുന്ന കവികളിലേറെയും യഥാർഥത്തിൽ മഹാഭീരുക്കളായിരിക്കും. ജാഹിലീകവികളുടെ ഈ സ്വഭാവ ദൂഷ്യങ്ങൾ ചില മുസ്‌ലിം കവികളെയും ഗ്രസിച്ചിരുന്നു. അബുത്വയ്യിബുൽ മുതനബ്ബി എന്ന പേരിൽ പ്രസിദ്ധനായ കവി അഹ്മദു ബ്നു ഹുസൈനുൽ കിന്ദി അതിനൊരു ഉദാഹരണമാകുന്നു. ഹി. നാലാം നൂറ്റാണ്ടുകാരനായ ഇദ്ദേഹം അറബി ഭാഷയിലും സാഹിത്യത്തിലും ചരിത്രത്തിലും അസാമാന്യ വ്യുൽപത്തി നേടി. ഈ അറിവുകളുടെ ബലത്തിൽ അദ്ദേഹം താനൊരു പ്രവാചകനാണെന്നു വാദിച്ചു. പക്ഷേ, ആളുകളെക്കൊണ്ട് അത് അംഗീകരിപ്പിക്കാൻ അദ്ദേഹത്തിനായില്ല. പിന്നീട് പ്രവാചകത്വവാദത്തിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങി. എങ്കിലും നബിചമഞ്ഞവൻ -متنبي- എന്ന പേര് അദ്ദേഹത്തിന്റെ മരണാനന്തരവും മായാതെ നിലനിന്നു. പ്രമുഖ വ്യക്തികളെയും രാജാക്കന്മാരെയും പാടിപ്പുകഴ്ത്തി അവരിൽനിന്ന് സമ്മാനങ്ങൾ നേടുന്നതിലായി പിന്നെ താൽപര്യം. ഇക്കൂട്ടത്തിൽ ഈജിപ്തിലെ കാഫൂർ സുൽത്വാനെ സന്ദർശിച്ച് സ്തുതിഗീതം കാഴ്ചവെച്ചു. കാഫൂർ അതത്ര കാര്യമാക്കിയില്ല. മുതനബ്ബി പ്രതീക്ഷിച്ച സമ്മാനവും ലഭിച്ചില്ല. ഇതിൽ കുപിതനായ കവി കാഫൂറിനെ നിന്ദിച്ചു പാടാനും താമസമുണ്ടായില്ല. മുതനബ്ബിയുടെ ഒരു ഈരടി 'കവിയെ കൊന്ന കാവ്യം' എന്ന പേരിൽ അറബിസാഹിത്യ ചരിത്രത്തിൽ പ്രസിദ്ധമാണ്. തന്റെ ധീരസാഹസികതയെയും പാണ്ഡിത്യത്തെയും സ്വയം പുകഴ്ത്തിക്കൊണ്ട് അദ്ദേഹം പാടി:

فالخيل والليل والبيداء تعرفني، والسّيف والرّمح والقرطاس والقلم

'അശ്വവും നിശീഥിനിയും മണൽക്കാടും ഖഡ്ഗവും ശൂലവും കടലാസും തൂലികയുമെല്ലാം എന്നെ നന്നായി അറിയുന്നു.' ഒരിക്കൽ ഭൃത്യനുമൊത്ത് സഞ്ചരിച്ചുകൊണ്ടിരിക്കെ കൊള്ളക്കാർ ആക്രമിക്കാനെത്തി. മുതനബ്ബി ഓടിരക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ ഭൃത്യൻ ചോദിച്ചു. അങ്ങല്ലേ .....فالخيل എന്നു പാടിയത്?! അതുകേട്ട് ലജ്ജിതനായ മുതനബ്ബി കൊള്ളക്കാരെ നേരിടാൻ തുനിഞ്ഞു. കൊള്ളക്കാർ അദ്ദേഹത്തെ കൊലപ്പെടുത്തുകയും ചെയ്തു. മരിക്കുന്നതിനു മുമ്പ് അദ്ദേഹം പറഞ്ഞു: 'ഈ അടിമതന്നെയാണ് എന്നെ കൊന്നത്' അങ്ങനെ ഈ ഈരടി 'കവിയെ കൊന്ന കാവ്യം' എന്ന പേരിൽ പ്രസിദ്ധമായി. ഇസ്‌ലാമിക യുഗത്തിൽ പോലും അടിയുറച്ച സത്യവിശ്വാസവും ധാർമിക പ്രതിബദ്ധതയുമില്ലാത്ത കവികളുടെ അവസ്ഥ ഇതായിരുന്നുവെങ്കിൽ ജാഹിലിയ്യാ കാലത്തെ അവസ്ഥ ഊഹിക്കാവുന്നതാണ്.

മുഹമ്മദ് നബി(സ)യുടെ സ്വകാര്യ ജീവിതവും പൊതുജീവിതവും ഒരുപോലെ പരിശുദ്ധമായിരുന്നു. നാൽപതാം വയസ്സിൽ ഇസ്‌ലാമിന്റെ പ്രബോധനം തുടങ്ങുന്നതുവരെ അഭിജാതമായ ഖുറൈശ് ഗോത്രത്തിലെ കുലീനമായ ഹാശിം കുടുംബത്തിലെ മാന്യനും നീതിമാനും ധർമിഷ്ഠനും തികഞ്ഞ സത്യസന്ധനും വിശ്വസ്തനുമായ ഒരംഗമായിട്ടാണ് സമുദായം അദ്ദേഹത്തെ കരുതിപ്പോന്നത്. ജ്യോത്സ്യമോ മന്ത്രവാദമോ സാഹിത്യമോ ഒന്നും അദ്ദേഹം അഭ്യസിച്ചിട്ടില്ല. ആരുടെയെങ്കിലും കവിതകൾ പാടി നടക്കുന്ന ആളുമായിരുന്നില്ല. അക്കാലത്തെ കവികളുടെ സ്വഭാവവും അദ്ദേഹത്തിന്റെ സ്വഭാവവും തമ്മിൽ രാവും പകലും പോലുള്ള അന്തരമുണ്ട്. പ്രവാചകനെപ്പോലുള്ള ഒരാൾക്ക് അന്നത്തെ രീതിയിലുള്ള ഒരു കവിയാവുക സാധ്യമേയല്ല. 36:69-ൽ അതേപ്പറ്റി അല്ലാഹു പറുന്നു: وَمَا عَلَّمْنَاهُ الشِّعْرَ وَمَا يَنبَغِي لَهُ- 'നാം അദ്ദേഹത്തിനും കവിത പഠിപ്പിച്ചിട്ടില്ല. അതദ്ദേഹത്തിനു ചേർന്നതുമല്ല.' ഇതെല്ലാം ഖുറൈശികൾക്ക് നേരിട്ടറിയാവുന്ന കാര്യങ്ങളാണ്. എന്നിട്ടും മുഹമ്മദ്(സ) ഒരു കവിയാണെന്നു വാദിക്കാൻ നിങ്ങൾക്കെങ്ങനെ കഴിയുന്നു?

ഇനി കവികളുടെ ആരാധകരെയും മുഹമ്മദിന്റെ(സ) അനുയായികളെയും താരതമ്യം ചെയ്തു നോക്കുക. ദുഷ്ടകവികളുടെ പിന്നാലെ നടക്കുന്ന, മൂല്യബോധവും ധാർമിക പ്രതിബദ്ധതയുമില്ലാത്ത സദാചാരവിരുദ്ധരായ തെമ്മാടികളും ആഭാസന്മാരുമാണോ പ്രവാചകനെ പിന്തുടരുന്നത്? സത്യാന്വേഷണ താൽപര്യവും ധർമബോധവും ഉള്ള, ജീവിത സംസ്കരണം ആഗ്രഹിക്കുന്ന ആളുകളാണ് അദ്ദേഹത്തിന്റെ അനുയായികളെല്ലാം. നേരത്തേ ദുർവൃത്തികളിലും അനാശാസ്യങ്ങളിലും ഏർപ്പെട്ടിരുന്നവർ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുന്നതോടെ ലക്ഷ്യബോധമുള്ള സന്മാർഗികളും സംസ്കൃതരുമായി പരിണമിക്കുന്നു. കവികളും പ്രവാചകനും തമ്മിലെന്ന പോലെ കവികളുടെ ആരാധകരും പ്രവാചകന്റെ അനുയായികളും തമ്മിലും കറുപ്പും വെളുപ്പും പോലെ അന്തരമുണ്ട്. ●